Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release
Ref: 862/KCBC/K-6/KPR/DS 11.07.2022

**ബഫർസോൺ വിഷയത്തിൽ സർക്കാർ സ്വീകരിക്കേണ്ടത്**
**ആത്മാർത്ഥമായ സമീപനം: കെസിബിസി**

കൊച്ചി: ബഫർസോൺ സംബന്ധിച്ച ജൂൺ 3-ലെ സുപ്രീം കോടതി ഉത്തരവിൽ സർക്കാർ സ്വീകരിക്കുന്ന നിലപാടുകൾ വ്യക്തവും കൃത്യവും ആയിരിക്കണം. ജാതിമത ഭേദമന്യേ അനേകലക്ഷങ്ങൾ കടുത്ത ആശങ്കയിൽ അകപ്പെട്ടിരിക്കുന്ന ഈ ഘട്ടത്തിൽ സർക്കാർ തീരുമാനങ്ങളും നയങ്ങളും വ്യക്തതയോടെ അറിയാൻ ജനങ്ങൾക്ക് അവകാശമുണ്ട്.

ഈ വിഷയത്തിൽ സർക്കാർ സമീപനത്തിലെ ആത്മാർത്ഥത സംശയനീയമാണ്. സുപ്രീംകോടതി ഉത്തരവിനെതിരെ ജൂലൈ 6-ന് നിയമസഭ അംഗീകരിച്ച പ്രമേയവുമായി സർക്കാർ മുന്നോട്ടുപോകുന്നു എന്ന് പറയുമ്പോഴും, 2019-ൽ എക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ച മന്ത്രിസഭാ തീരുമാനം പിൻവലിക്കാത്തതും, പ്രായോഗിക നടപടികൾ സ്വീകരിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ മുന്നോട്ടുപോകാൻ സർക്കാർ വൈമനസ്യം പുലർത്തുന്നതും പ്രതിഷേധാത്മകമാണ്.

സംരക്ഷിത വനമേഖലകൾക്ക് ചുറ്റും ഒരു കിലോമീറ്റർ വരെ എക്കോ സെൻസിറ്റിവ് സോൺ ആകാം എന്ന് തീരുമാനിച്ച് കേരളസർക്കാർ 2019 ഒക്ടോബറിൽ പുറപ്പെടുവിച്ച ഉത്തരവ് പിൻവലിക്കാത്തപക്ഷം സുപ്രീംകോടതിയിൽ നൽകാനിരിക്കുന്ന പുനപരിശോധനാ ഹർജിയും CEC യിൽ നൽകുന്ന അപ്പീലുമടക്കം തള്ളപ്പെടാനുള്ള സാധ്യതയുണ്ട് എന്നതിനാൽ ആ തീരുമാനം തിരുത്താൻ സർക്കാർ തയ്യാറാകണം.

ജൂണിലെ സുപ്രീംകോടതി വിധിയിൽ നിർദേശിച്ചിരിക്കുന്നപ്രകാരം നിലവിലെ ബഫർ സോൺ പ്രഖ്യാപനം എത്രത്തോളം പൗരന്മാർക്ക് ദോഷകരമാണ് എന്നുള്ളതിന്റെ വിശദമായ റിപ്പോർട്ട് തയ്യാറാക്കി അപ്പീൽ നൽകാൻ ആവശ്യമായ നടപടികൾ സർക്കാർ ഉടൻ സ്വീകരിക്കേണ്ടതാണ്.

അതോടൊപ്പം തന്നെ, ഇപ്പോഴുള്ള വനാതിർത്തികൾ ബഫർസോണിന്റെ അതിർത്തിയായി പുനർനിർണ്ണയിച്ച്, വന്യജീവി സങ്കേതങ്ങളുടെ അതിർത്തി ഒരു കിലോമീറ്റർ ഉള്ളിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള നടപടികളും സർക്കാർ എടുക്കണം.

ഈ വിഷയത്തിൽ ഏറ്റവും ക്രിയാത്മകമായ നിലപാടുകളും നടപടിക്രമങ്ങളും അടിയന്തിരമായി സ്വീകരിച്ച് ഈ പ്രതിസന്ധിക്ക് താമസംവിനാ പരിഹാരം കണ്ടെത്തണമെന്ന് കേരളകത്തോലിക്കാ സഭാനേതൃത്വം കേരളസർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ/ഔദ്യോഗിക വക്താവ്,
ഡയറക്ടർ,പിഒസി.

PRESIDENT
His Beatitude
MAR GEORGE CARDINAL ALENCHERRY
Major Archbishop of Syro Malabar Church
Mount St. Thomas P.B.No. 3110, Kakkanad
Kochi 682 030
Ph: 0484-2424768, 2424780, 2425727
Fax: 0484-2422727
E-mail: bpalencherry@yahoo.co.in

VICE-PRESIDENT
His Excellency
RT. REV. DR. VARGHESE CHAKKALAKAL
Bishop of Calicut
Bishop's House, Malaparamba
Kozhikode 673 009.
Ph: 0495 2370313, 2370271
Fax: 0495 2377013
E-mail: calicut_diocese@yahoo.com

SECRETARY GENERAL
DR. JOSEPH MAR THOMAS
Bishop of Bathery,
Catholic Bishop's House
Bathery, Dharmagiri
Wayanad 673 592.
Ph: 04936 220207, Fax: 04936 221287
E-mail: bishopbty@gmail.com

DEPUTY SECRETARY GENERAL
FR. JACOB G. PALACKAPPILLY
P.O.C., P. B. No. 2251
Palarivattom, Kochi-682025
Ph: 0484-2805815, 2805722
Fax: 2806214
Email: jacobgpala@gmail.com